ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 11.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) വിദ്യാഭ്യാസം, ആരോഗ്യം, കായികം തുടങ്ങിയ മേഖലകളുടെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഉത്തർപ്രദേശിലെ വാരാണസിയിൽ 3,880 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

PM Modi Launches ₹3,880 Cr Projects in Varanasi, Stresses Inclusive Growth in Education, Health & Sports.

2.) ഇന്ത്യയുടെ നയങ്ങളിൽ ഏറ്റവും പ്രാധാന്യം വിദ്യാഭ്യാസത്തിനാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

Education is the Top Priority in India's Policies: President Droupadi Murmu.

3.) സാങ്കേതികവിദ്യ വികസിച്ചതോടെ ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ വ്യാപാര തീരുമാനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

Technology has made trade much more national security sensitive, says EAM S Jaishankar.

4.) വയനാട് പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ ഹൈക്കോടതി നിർദേശം.

High Court Directs Kerala Government to Deposit Additional ₹17 Crore for Land Acquired from Elston Estate for Wayanad Rehabilitation Project.

5.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ചെന്നൈ സൂപ്പർ കിംഗ്സ് പോരാട്ടം; മഹേന്ദ്ര സിംഗ് ധോണി വീണ്ടും ചെന്നൈ ക്യാപ്റ്റൻ.

Kolkata Knight Riders to Face Chennai Super Kings in IPL Today; MS Dhoni Returns as Chennai Captain.

************************

## PM - UP AND MP (INTRO)

രാജ്യത്തെ ഗ്രാമങ്ങളിൽ, വീടുവീടാന്തരം എല്ലാ മേഖലയിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദ്യാഭ്യാസം, ആരോഗ്യം, കായിക അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലയുടെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഉത്തർപ്രദേശിലെ വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**( വോയിസ്.... )**

70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കായുള്ള ആയുഷ്മാൻ വയ വന്ദന കാർഡുകൾ ശ്രീ.മോദി വിതരണം ചെയ്തു. വാരാണസി ഡിവിഷനിലെ മൂന്ന് ജില്ലകളിൽ പൂർത്തിയാക്കിയ ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും അദ്ദേഹം ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് ശേഷം മധ്യപ്രദേശ് സന്ദർശിക്കുന്ന പ്രധാനമന്ത്രി ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യും.

************************

## JAISHANKAR-TECH

ലോക രാഷ്ട്രങ്ങളോടുള്ള സമീപനത്തിൽ അമേരിക്ക അടിസ്ഥാനപരമായി മാറ്റം വരുത്തിയിട്ടുണ്ടെന്നും അതിന്റെ ഫലം എല്ലാ മേഖലകളിലും പ്രതിഫലിക്കുന്നുണ്ടെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ നടന്ന ഗ്ലോബൽ ടെക് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയിൽ വന്ന മാറ്റങ്ങളോടെ ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ വ്യാപാര തീരുമാനങ്ങൾക്ക് നിർണായക പങ്കുണ്ടെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

************************

## RANA - EXTRADITION

2008 മുംബൈ ഭീകരാക്രമണ കേസിലെ പ്രതി തഹാവൂർ റാണയുടെ അറസ്റ്റ് ദേശീയ അന്വേഷണ ഏജൻസി രേഖപ്പെടുത്തി. പ്രത്യേക വിമാനത്തിൽ ഇന്നലെ ഡൽഹിയിലെത്തിച്ച റാണയെ 18 ദിവസത്തേക്ക് എൻഐഎ കസ്റ്റഡിയിൽ വിട്ടു. തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറിയതിലൂടെ ആഗോള ഭീകരതയെ ചെറുക്കുന്നതിനുള്ള അമേരിക്കയുടെ പ്രതിബദ്ധതയാണ് വ്യക്തമായതെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ടാമി ബ്രൂസ് മാധ്യമങ്ങളോട് പറഞ്ഞു. 2008 ലെ മുംബൈ ഭീകരാക്രമണത്തിൽ 166 പേർ കൊല്ലപ്പെടുകയും 238 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

************************

## SHAH- DRUG

ലഹരിമുക്ത ഭാരതമെന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന എല്ലാ സംവിധാനങ്ങളേയും അഭിനന്ദിക്കുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. അസമിൽ നടത്തിയ വ്യാപക തിരച്ചിലിൽ 24.32 കോടി രൂപ വിലവരുന്ന 30.4 കിലോഗ്രാം methamphetamine ഗുളികകൾ പിടിച്ചെടുത്തതായി അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ലഹരിക്കെതിരെയുള്ള സർക്കാരിന്റെ നടപടികൾ ശക്തമായി തുടരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

************************

## Wayanad-Highcourt

വയനാട് പുനരധിവാസ പദ്ധതിക്കായി എൽസറ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ ഹൈക്കോടതി നിർദേശം. നേരത്തെ സംസ്ഥാന സർക്കാർ നിശ്ചയിച്ച 26 കോടി രൂപയ്ക്ക് പുറമെയാണ് ഇത്. അതേസമയം ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്ന് കോടതി വ്യക്തമാക്കി. കൂടുതൽ

പണം ആവശ്യപ്പെട്ട് എൽസ്റ്റൺ നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

## M B RAJESH

കടൽത്തീരങ്ങളും ജലാശയങ്ങളും ഉൾപ്പെടെ മാലിന്യമുക്തമായാൽ മാത്രമെ മാലിന്യമുക്തം നവകേരളം പദ്ധതി പൂർണ്ണമാകുകയുള്ളൂവെന്ന് മന്ത്രി എം.ബി.രാജേഷ്. മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശ വികസനവും ലക്ഷ്യമിടുന്ന ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയുടെ ഭാഗമായുള്ള പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിന് തുടക്കം കുറിക്കുകയായിരുന്നു മന്ത്രി. കേരളത്തിലൂടനീളം 50 കേന്ദ്രങ്ങളിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

## SABARIMALA TEMPLE

ശബരിമല ക്ഷേത്രത്തിലെ പൈങ്കുനി ഉത്രം മഹോത്സവത്തിന്റെ ഭാഗമായി ഇന്ന് പമ്പയിൽ ആറാട്ട് നടന്നു. ആറാട്ടിനു ശേഷം പമ്പ ഗണപതി കോവിലിലേക്ക് ആനയിച്ച വിഗ്രഹത്തിൽ വൈകിട്ട് നാലുവരെ ഭക്തർക്ക് പറയിടാൻ അവസരമുണ്ട്. ആറാട്ട് ഘോഷയാത്ര പമ്പയിൽ നിന്ന് സന്നിധാനത്ത് എത്തിച്ചേർന്ന ശേഷം ഉത്സവത്തിന് കൊടിയിറങ്ങും.

## PADMANABHASWAMI TEMPLE

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ഇന്ന്. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ ഇന്ന് വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

## WORLD PARKINSON DAY

ഇന്ന് ലോക പാർക്കിൻസൺസ് ദിനം. പാർക്കിൻസൺസ് രോഗബാധിതരായ വ്യക്തികളെ പിന്തുണയ്ക്കുന്നതിനും രോഗാവസ്ഥക്കെതിരെ അവബോധം വളർത്തുന്നതിനുമാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

## SAFE MOTHERHOOD

ഇന്ന് ദേശീയ സുരക്ഷിത മാതൃത്വ ദിനം. ഗർഭാവസ്ഥ, പ്രസവം, പ്രസവാനന്തര സേവനങ്ങൾ, എന്നിവയിൽ മതിയായ പരിചരണം

നല്കി സ്ത്രീകളെ സുരക്ഷിതരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം. വൈറ്റ് റിബൺ അലയൻസിന്റെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ പത്നി കസ്തൂർബാ ഗാന്ധിയുടെ ജന്മദിനമാണ് സുരക്ഷിത മാതൃത്വ ദിനമായി ആചരിക്കുന്നത്.

**********************

## PM-PHULE

സാമൂഹിക പരിഷ്കർത്താവ് മഹാത്മാ ഫൂലെയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ക്ഷേമത്തിനായി ജീവിതം സമർപ്പിച്ച വ്യക്തിയാണ് ഫൂലെ എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

**********************

## PRESIDENT - SLOVAKIA(INTRO)

രാഷ്ട്രപതി ദ്രൗപദി മുർമുവിന് സ്ലോവാക്യയിലെ കോൺസ്റ്റന്റൈൻ ദി ഫിലോസഫർ യൂണിവേഴ്സിറ്റിയുടെ ഓണററി ഡോക്ടറേറ്റ്. പൊതുസേവനം, സാമൂഹിക നീതി, വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് അംഗീകാരം. വിദ്യാഭ്യാസം മാറ്റത്തിനുള്ള ഉപകരണമാണെന്നും ഇന്ത്യയുടെ നയങ്ങളിൽ ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത് വിദ്യാഭ്യാസത്തിനാണെന്നും ഡോക്ടറേറ്റ് സ്വീകരിച്ചു കൊണ്ട് രാഷ്ട്രപതി പറഞ്ഞു. തുടർന്ന് സ്ലോവാക്യയിലെ ഇന്ത്യൻ സമൂഹവുമായി സംവദിച്ച ശ്രീമതി മുർമു, എല്ലാവരെയും ഉൾക്കൊള്ളുന്നതും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമായതുമായ വികസനമാണ് രാജ്യത്ത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കി.

( വോയിസ്...)

**********************

## PM- DELHI AYUSHMAAN

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ പദ്ധതി നടപ്പിലാക്കിയ ഡൽഹി സർക്കാരിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഡൽഹിയുടെ ആരോഗ്യ മേഖലയിലെ വിപ്ലവകരമായ ഒരു ചുവടുവയ്പ്പാണിതെന്ന് മുഖ്യമന്ത്രി രേഖ ഗുപ്തയുടെ സമൂഹമാധ്യമ പോസ്റ്റിന് മറുപടിയായി അദ്ദേഹം പറഞ്ഞു. ആയുഷ്മാൻ യോജന ദൗത്യം ദേശീയ തലസ്ഥാനത്തെ ലക്ഷക്കണക്കിന് പൗരന്മാർക്ക് ഏറെ പ്രയോജനകരമാകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**********************

## PONMUDI

തമിഴ്നാട് വനം മന്ത്രി പൊന്മുടിയെ ഡിഎംകെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്ന് നീക്കി ഡിഎംകെ നേതാവും മുഖ്യമന്ത്രിയുമായ എം കെ സ്റ്റാലിൻ. സ്ത്രീകളെക്കുറിച്ച് പൊന്മുടി നടത്തിയ ചില മോശം പരാമർശങ്ങളുടെ വീഡിയോ പുറത്തുവന്നതിനെ തുടർന്നാണ് നടപടി. ഡിഎംകെ എംപി കനിമൊഴി ഉൾപ്പെടെ പലരും പൊൻമുടിക്കെതിരെ രംഗത്ത് വന്നിരുന്നു. പുതിയ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായി ട്രിച്ചി ശിവയെ നിയമിച്ചു.

***********************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ചെന്നൈ സൂപ്പർ കിംഗ്സും ഏറ്റുമുട്ടും. പരിക്കേറ്റ് പിന്മാറിയ ഋതുരാജ് ഗെയ്ക്ക്വാദിന് പകരം മുൻ നായകൻ മഹേന്ദ്ര സിംഗ് ധോണിയെ CSK ക്യാപ്റ്റനായി പ്രഖ്യാപിച്ചിട്ടുണ്ട്. രാത്രി 07.30 ന് ചെന്നൈയിലാണ് മത്സരം.

***********************

## KOHLI - 1000 BOUNDARIES

ഐപിഎൽ ചരിത്രത്തിൽ 1000 ബൗണ്ടറികൾ നേടുന്ന ആദ്യ കളിക്കാരനെന്ന നേട്ടം സ്വന്തമാക്കി ഇന്ത്യയുടെ വിരാട് കോഹ്‌ലി. ഐപിഎല്ലിന്റെ 18 സീസണുകളിലും റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് വേണ്ടി കളിച്ചിട്ടുള്ള താരം ഇന്നലെ ഡൽഹി ക്യാപിറ്റൽസിനെതിരായ മത്സരത്തിലാണ് ഈ നേട്ടം കൈവരിച്ചത്.

***********************

## TENNIS - MONTE CARLO MASTERS

ഫ്രാൻസിൽ നടക്കുന്ന മോണ്ടെ-കാർലോ മാസ്റ്റേഴ്സ് ടെന്നീസിന്റെ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ - യു.എസ് സഖ്യം ഇന്നിറങ്ങും. ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണയും അമേരിക്കയുടെ ബെൻ ഷെൽട്ടണും ഉൾപ്പെടുന്ന സഖ്യം ഫ്രാൻസിന്റെ മാനുവൽ ഗിനാർഡ് - മൊണാക്കോയുടെ റൊമെയ്ൻ അർണിയോഡോയെ ജോഡിയെയാണ് നേരിടുക. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

***********************

## SENSEX -GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,559 പോയിന്റ് ഉയർന്ന് 75,406 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 507 പോയിൻറ് നേട്ടത്തിൽ 22,906 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുതിക്കുന്നു. പവന് 1,480 രൂപ കൂടി 69,960 രൂപയും ഗ്രാമിന് 8,745 രൂപയുമാണ് ഇന്നത്തെ വില.

**********************
**********************
************